പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3346 | 14/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## രാസവസ്തുക്കളുടെ ഉപയോഗം കാരണം ആരോഗ്യപ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നുമുൾപ്പെടെ കാസർകോട് ജില്ലയിലേക്ക് കൊണ്ടുവരുന്ന മത്സ്യങ്ങളിൽ വിഷലിപ്തമായ അമോണിയ ഉൾപ്പെടെയുള്ള രാസവസ്തുക്കളുടെ ഉപയോഗം നിമിത്തം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടാൻ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി മത്സ്യഫെഡ് സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ മത്സ്യ മാർക്കറ്റുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും മത്സ്യം ലേലം ചെയ്യുന്ന സ്ഥലങ്ങളിലും പരിശോധന നടത്തി വരുന്നുണ്ട് .<br>കഴിഞ്ഞ വർഷം മഞ്ചേശ്വരം, കുമ്പള, കാസർഗോഡ്, കീഴൂർ, ബേക്കൽ, പള്ളിക്കര തുടങ്ങിയ ഫിഷ് ലാന്റിംഗ് സെന്ററുകളിലും കാസർഗോ ഡ് കാഞ്ഞങ്ങാട് എന്നീ മൊത്ത വ്യാപാര മാർക്കറ്റുകളിലും പരിശോധന നടത്തിയിട്ടുണ്ട് . പ്രസ്തുത പരിശോധനയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ വിവിധ ഇനം മത്സ്യം, ഐസ്, വെള്ളം എന്നിവയുടെ 25 സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ആയതിൽ രണ്ട് ഐസ് സാമ്പിളുകളിൽ മാത്രം അമോണിയയുടെ അംശം നേരിയ തോതിൽ കണ്ടെത്തിയിട്ടുള്ളതും മറ്റുള്ളവയിലൊന്നും അമോണിയയുടെയോ മറ്റ് രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ലാത്തതുമാണ്.<br>മത്സ്യങ്ങളിൽ അമോണിയ പോലുള്ള രാസവസ്തുക്കൾ ചേർക്കുന്നതുമായി ബന്ധപ്പെട്ട് ദുഷ്യഫലങ്ങൾ വിശദീകരിച്ചുകൊണ്ട് മത്സ്യ |

| | | | |
|---|---|---|---|
| | | | തൊഴിലാളികളെയും ചെറുകിട വൻകിട മൊത്ത വ്യാപാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് കാസർഗോഡ് കടപ്പുറം, കാഞ്ഞങ്ങാട് വ്യാപരഭവൻ, കാസർഗോഡ് വ്യാപാര ഭവൻ എന്നിവിടങ്ങളിൽ വച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) | ഇവ പ്രതിദിനം പരിശോധിക്കാനം മറ്റും നടപടികൾ ഉണ്ടോ; വ്യക്ത മാക്കാമോ? | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിലും ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായും പരിശോധനകൾ നടത്തുന്നുണ്ട് . |

സെക്ഷൻ ഓഫീസർ